

സ്പർശം
GHS VEILOOR

# GHS VEILOOR

## SASTHAVATTOM PO ,THIRUVANANTHAPURAM






# LITTLEKITES 2019-21



# LITTLE KITES 2019-22



## Table of Contents


LITTLEKITES 2019-21........................................................................................3
എഡിറ്റോറിയൽ.....................................................................................................5
ആശംസകൾ.........................................................................................................7
എഡിറ്റോറിയൽ ബോർഡ്........................................................................................8
ദുഃഖയാത്ര.........................................................................................................10
സ്കൂൾ പച്ചത്തുരുത്ത് പദ്ധതി..............................................................................13
കൺനിറഞ്ഞ ഓർമകൾ..........................................................................................14
കേരളീയ സമൂഹവും............................................................................................15
ആധുനിക ഭക്ഷ്യസംസ്കാരവും..............................................................................15
പ്രകൃതിയുടെ രോദനം..........................................................................................17
മഹത് വചനം.....................................................................................................18
സ്കൂൾ പാർക്ക്....................................................................................................19

# എഡിറ്റോറിയൽ

ആധുനിക വിദ്യാഭ്യാസം കുട്ടികളിലുള്ള നൈസർഗിക അഭിരുചി പരിപോഷിപ്പിച്ച് മികവുള്ള പ്രതിഭകളെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് മുന്നോട്ട് പോകുന്നത്.അതുപോലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള 'ഹൈടെക്ക് പദ്ധതി' കുട്ടികളുടെ വിദ്യാഭ്യാസത്തിനും വളർച്ചയക്കും സഹായകമായിരിക്കുന്നു. ഡിജിറ്റൽ ക്ലാസ്റൂമുകൾക്കൊപ്പം ഡിജിറ്റൽ  സാങ്കേതിക വിദ്യയുടെ പരിശീലനവും  കുട്ടികൾക്ക് ലഭിക്കും.

''ഇ വായന''യുടെ സാധ്യതകൾ തുറന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ ലിറ്റിൽകൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ 'സ്പർശം' എന്ന ഡിജിറ്റൽ മാഗസിൻ നല്ലൊരു അനുഭവമായിരിക്കും. ഈ വായന എല്ലാവരിലേയ്ക്കും വളർന്ന് വികസിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് മാഗസിൻ എല്ലാവർക്കുമായി സമർപ്പിക്കുന്നു.

സസ്നേഹം

ചീഫ് എഡിറ്റർ

അനന്തു.



# ആശംസകൾ

വെയിലൂർ ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ ഒരുക്കിയ **സ്പർശം** എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു. കുട്ടികളുടെ ഭാവന പ്രകാശിതമാകുന്ന ഈ മാസിക കൂടുതൽ വായിക്കുവാനും ഐ.ടി മേഖലയിൽ കൂടുതൽ പ്രാവീണ്യം നേടുവാനും ഉള്ള പ്രചോദനം കുട്ടികൾക്ക് നൽകട്ടെ എന്നാശംസിക്കുന്നു.

സ്നേഹപൂർവ്വം
Headmistress
ലതാദേവി.S

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

അനന്തു.എസ്

## എഡിറ്റേഴ്സ്

വൈഷ്ണവ്.ബി.ആർ

ഷഹീർ.എസ്.ആർ

ആദർശ്.എസ്.എസ്

അഭിജിത്ത്.എസ്

ലാവണ്യ.എസ്

അഭിരാമി.എസ്.എസ്



# ദുഃഖയാത്ര

തിരമാലകളുടെ ശബ്ദം കാതിൽ അലയടിക്കുന്നു ഞാൻ അവിടെ എത്തുമ്പോഴേക്കും രാത്രിയായി കഴിഞ്ഞിരുന്നു കടലരികത്തുള്ള ഒരു കോളനിയിലാണ് ഞാൻ നിൽക്കുന്നത് പരിസരം മുഴുവനും നിശബ്ദത അപ്രതീക്ഷമായി പെട്ടന്നൊരു നിലവിളി ഉയർന്നു ഞാനാകെ അമ്പരന്നുപ്പോയി എന്റെ കൂട്ടുകാരൻ രവിയുടെ വീട്ടിലേക്കുള്ള യാത്രയായിരുന്നു നിശബ്ദത നിറഞ്ഞിരുന്ന പരിസരമാകെ ഇപ്പോൾ നിലവിളി ഉയരുന്നു . ഏതായാലും നിലവിളി ഉയരുന്ന സ്ഥലത്തെ ലക്ഷ്യമാക്കി ഞാൻ നടന്നു അവിടെ ചെല്ലുമ്പോൾ രവിയുടെ വീടും അന്വേഷിക്കാമെന്ന് ഞാൻ കരുതി നടന്നടുക്കും തോറും നിലവിളിയുടെ ശബ്ദം ഉയരുന്നു. പരിസരമാകെ ആൾക്കൂട്ടം

എന്റെ കണ്ണുകളെ ഞാൻ വീട്ടിലേക്ക് തിരിച്ചു. ഒരു മുറി മാത്രമേ കാണുള്ളൂ വീടിനകത്തേക്കു നോക്കുമ്പോൾ ഒരു സ്ത്രീ കരഞ്ഞ് തളർന്നിരിക്കുന്നു എന്റെ ഭാര്യയുടെ പ്രായമേ അവർക്ക് ഉണ്ടാകുള്ളൂ വൃദ്ധയായ സ്ത്രീയാണ് നിലവിളിക്കുന്നത്. പരിസരം മുഴുവൻ കണ്ടപ്പോൾ അതൊരു മരണവീടാണ് എന്നെനിക്ക് മനസ്സിലായി ഈയൊരു അവസ്ഥയിൽ ആരോടും രവിയുടെ വീട് ചോദിക്കാൻ കഴിയാത്ത അവസ്ഥ എല്ലാവരുടെയും മുഖത്ത് സങ്കടം തിങ്ങിനിൽക്കുന്നു എന്താണ് സംഭവിച്ചത് എന്ന് പോലും ചോദിക്കാൻ കഴിയാത്ത അവസ്ഥ. ആ കോളനിയിലുള്ളവർക്ക് ഏറ്റവും പ്രിയപ്പെട്ട ഒരാളാണ് മരിച്ചതെന്ന് ആ പരിസരാവസ്ഥ യോടുകൂടി മനസ്സിലാക്കാം. എന്താണ് ചെയ്യേണ്ടതെന്നു എനിക്കറിയില്ല. സമയം ഒരുപാട് കഴിഞ്ഞിരിക്കുന്നു ഇടയ്ക്ക് ആൾക്കൂട്ടത്തിൽ നിന്നും ആരോ പറയുന്നതു കേട്ടു ആംബുലൻസ് ഇപ്പോൾ എത്തും. ആരാണ് മരിച്ചത് എന്താണ് സംഭവിച്ചത് എന്നറിയാൻ എന്റെ മനസ്സ് ആകാംഷാപൂർണമായി കുറച്ചു കഴിഞ്ഞപ്പോൾ ആംബുലൻസിന്റെ ശബ്ദം കേട്ടു. ആംബുലൻസ് കുടിലിന്റെ മുമ്പിൽ നിർത്തി.തളർന്നിരുന്ന സ്ത്രീ ഉറക്കെ കരയാൻ തുടങ്ങി.ആംബുലൻസിന്റെ പിൻവാതിൽ തുറന്നു.ഒരു യുവാവ് അതിൽ നിന്നിറങ്ങി.ആ യുവാവിനെ

കണ്ടപ്പോൾ ഞാനാകെ അമ്പരന്നു.അത് എന്റെ പ്രിയ സുഹൃത്ത് രവിയായിരുന്നു.അവന്റെ ബന്ധുവാണോ മരിച്ചത്, അതോ ഒരു നാട്ടുകാരൻ എന്ന നിലയിൽ പോയതാണോ. ഒന്നും അറിയാൻ കഴിയുന്നില്ല. അവന്റെ മുഖത്ത് സങ്കടവും നിരാശയും കലർന്ന ഭാവം.മുഴുവൻ ആൾക്കൂട്ടം ആയതിനാൽ അവന്റെ അരികിൽ പോവാൻ കഴിയുന്നില്ല. പെട്ടെന്നു തന്നെ ആളുകളെല്ലാംകൂടി ശവശരീരം പുറത്തെടുത്തു. അതൊരു കുഞ്ഞുശരീരവുമായിരുന്നു. ഒരു വെള്ളതുണി പൊതിഞ്ഞുവച്ചിരിക്കുന്നു. ഈശ്വരാ അതൊരു പിഞ്ചുകുഞ്ഞാണ്. അവിടെ നിലവിളിച്ചുകൊണ്ടിരുന്ന സ്ത്രീ പെട്ടന്ന് എഴുന്നേറ്റ് രവിയെ കെട്ടിപ്പിടിച്ചു.ആ ദൃശ്യത്തിലൂടെ എനിക്കെല്ലാം മനസ്സിലായി.അതു രവിയുടെ മകനാണ്. ഫോൺ വിളിക്കുമ്പോൾ എന്നോട് സംസാരിക്കുന്ന എന്റെ പൊന്നുമോൻ. ഞാനറിയാതെ എന്റെ ബേഗ് എന്റെ കൈയ്യിൽ നിന്ന് തറയിൽ വീണു. എന്താണ് ചെയ്യേണ്ട തെന്ന് എനിക്കറിയില്ല.ആൾക്കൂട്ടം ഉണ്ടെന്നറിയാതെ ഞാൻ ശവശരീരത്തിന്റെ അടുത്തെത്തി. പരിസരബോധ മില്ലാതെ ഞാൻ കുഞ്ഞിനെ കെട്ടിപ്പിടിച്ച കരഞ്ഞു. ആളുകളുടെ ശ്രദ്ധ എന്നിലേക്കു തിരിഞ്ഞു.രവി പെട്ടെ ന്നെന്റെ അടുത്തേക്ക് ഓടി വന്നു.കുമാർ എന്നു പറഞ്ഞു എന്റെ കൈയ്യിൽ പിടിച്ചു. ഞങ്ങൾ പരസ്പരം കെട്ടിപ്പിടിച്ചു.അടക്കം കഴിഞ്ഞു ആളുകളെല്ലാം പിരിഞ്ഞപ്പോൾ ഞാൻ അവനോട് കാര്യം തിരക്കി.ഒരു ചെറിയ പനിയായിരുന്നു.ചികിത്സിക്കാൻ ഒരു

വഴിയുമില്ലായിരുന്നു. പിന്നീടാണ് അവർ മനസ്സിലാക്കുന്നത് കുഞ്ഞിന് വെറുമൊരുപനിയല്ലായിരുന്നു. ഡെങ്കിപ്പനിയാണ്. ശരിയായ ചികിൽസ കിട്ടാത്തതിനാൽ കുഞ്ഞ് മരിച്ചു.എല്ലാം കഴിഞ്ഞതിന്റെ ശാന്തത.സന്തോഷത്തോടെ കൂട്ടുകാരനെ കാണാൻ വന്നതായിരുന്നു എന്നാൽ ദുഃഖ ത്തോടെ മടങ്ങുന്നു. ഈ സംഭവം 'ഒരു കെടാത്ത കനലായി' എന്റെ മനസ്സിൽ ഉണ്ടാകും.

നൂർ ഫാത്തിമ

10B

# സ്കൂൾ പച്ചത്തുരുത്ത് പദ്ധതി











# കൺനിറഞ്ഞ ഓർമകൾ



ഓർക്കുവാൻ ഓർമകൾ മാത്രം
ഈ ജീവിതം ആർക്കുവേണ്ടി
ആരും കാണാതെപോയ ദിനങ്ങളിൽ
എൻ മിഴികളിൽ കണ്ണുനീർ മാത്രം
നിദ്രയിലെ ഓരോ സ്വപ്നങ്ങളും
നഷ്ടതയിലാക്കിയ പ്രളയദിനങ്ങളിൽ
നിന്റെ ഒഴുക്കിന്റെ ഏതോ മുനമ്പിൽ
എൻ ജീവിതം തകർന്നുപോയി

ഞാൻ കണ്ട സ്വപ്നങ്ങൾ പോലും
മണ്ണിലാഴ്ത്തിയോ പ്രളയമേ നീ
ചിതറിത്തെറിക്കുന്ന ഈ ജീവിതം
ഇനിയും ജീവിതക്കരയിലെത്തുമോ?

ദേവിക ജി എ

9A

# കേരളീയ സമൂഹവും

# ആധുനിക ഭക്ഷ്യസംസ്കാരവും

ഇന്ന് നാം അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രശ്നമാണ് നമ്മുടെ ഭക്ഷണരീതി. ചിട്ടയില്ലാത്ത നമ്മുടെ ഭക്ഷണരീതികൾ കാരണമാണ് നമുക്ക് കാൻസർ പോലുള്ള മാരകരോഗങ്ങൾ പിടിപെടുന്നതിന്റെ കാരണം. ഇന്ന് നമ്മുടെ ഈ നാട്ടിൽ എറ്റവും കൂടുതൽ പണിയുന്നത് ആശുപത്രികളാണ് എന്ന സത്യം നമ്മളെ ഞെട്ടിക്കുന്നു.

നമ്മുടെ തനതായ ഭക്ഷണരീതികളിൽ നിന്നും വർണ്ണക്കടലാസിലേക്കും  പാക്കറ്റ് പൊതികളി ലേക്കും ജങ്ക് ഫുഡിലേക്കും. നാം നേരിടുന്ന എല്ലാ രോഗത്തിനും കാരണം നമ്മുടെ രാജ്യത്ത് ഡയാലിസിസ് യൂണിറ്റിന്റെയും കാൻസർ സെന്ററിന്റെയും കെട്ടിടങ്ങ ളുയരുന്നു. ഇതിനെല്ലാം കാരണം നാം കഴിക്കുന്ന ഭക്ഷണമാണ് ഒരുപാട് വർഷങ്ങൾ ജീവിക്കേണ്ട നമ്മളെ നമ്മുടെ ആഹാരരീതികൾ പകുതിയോ അതിൽ താഴെയോ യാക്കി നമ്മുടെ ആയുസ്സില്ലാതാക്കുന്നു.

നമ്മുടെ നാടൻ പലഹാരങ്ങളെല്ലാം തന്നെ ഇന്നു മൺമറഞ്ഞിരിക്കുന്നു ഉള്ളതിൽ തന്നെയും അറുപത് ശതമാനത്തിലേറെ മായവും നാം കഴിക്കുന്ന പച്ചക്കറികളും അറുപത് ശതമാനത്തിലേറെ വിഷവസ്തുക്കളാണ്.



കീടനാശിനി അടിച്ച പച്ചക്കറികളും നാം വിളയിച്ച് ജൈവമായിയുണ്ടാക്കുന്ന പച്ചക്കറികളും നല്ല വ്യത്യാസം തന്നെയാണ്. ഇങ്ങനെ അന്യനാട്ടിൽ നിന്നുവരുന്ന രാസവസ്തുക്കൾ അടിച്ച പച്ചക്കറികൾ കഴിക്കുന്നത് വലിയ വലിയ രോഗങ്ങളിലേക്ക് നമ്മളെ തള്ളി മാറ്റും.

എന്നാലിത് നമുക്ക് പരിഹരിക്കാൻ സാധിക്കും ഒരു ചെറിയ പച്ചക്കറിത്തോട്ടത്തിലൂടെയും മറ്റും നമുക്കത് പരിഹരിക്കാൻ സാധിക്കും ഓരോ വീട്ടിലും ഒരു പച്ചക്കറി ത്തോട്ടമെങ്കിലും വേണമെന്ന് ഒരു നിയമം ഉണ്ടാക്കുക യാണെങ്കിൽ ഈ രാജ്യത്തെ രോഗികളുടെ എണ്ണം പകുതിയിലും താഴേക്ക് ആക്കുവാൻ സാധിക്കും  അതിനായി നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാം നമ്മുടെ തനതായ ആഹാര ശൈലിയിലേക്ക് നമുക്ക് തിരിച്ച് പോകാം.




ആധുനിക ഭക്ഷണരീതി ഒഴിവാക്കുക നമ്മുടെ നാടൻ ഭക്ഷണരീതിയിലേക്ക് തിരിച്ചുവരിക നാടൻ ഭക്ഷണരീതിയിലൂടെ നമുക്ക് പുതിയൊരു ജീവിതം ഉറപ്പ് വരുത്താൻ സാധിക്കും.

കീർത്തന എസ്

10B

# പ്രകൃതിയുടെ രോദനം

പ്രകൃതിയാം അമ്മതൻ രോദനങ്ങൾ.... എവിടെ

തിരിഞ്ഞാലും എങ്ങോട്ടു

നോക്കിയാലും.....

മൊട്ടയാം കുന്നുകൾ

മാത്രമായി.......

കൺതുറക്കുമ്പോൾ

മുഴങ്ങിടുന്നു......



കൃത്രിമ ആന തൻ ഘോരശബ്ദം.......

കളകളാരവം മുഴക്കി ഒഴുകുന്ന

അരുവിയിന്ന് വെറും ചിത്രങ്ങളിൽ മാത്രം..

പുഞ്ചിരിതൂകും വദനമായി നിൽക്കുന്ന

നെൽക്കതിരുകളിന്ന് ഓർമ്മയിൽ മാത്രം.

നാളികേരത്തിന്റെ സ്വന്തമാം നാടായ

കേരളത്തിൽ ഇന്ന് കേരമില്ല.....

ദൈവത്തിനോടായി കേണിടുന്ന

പ്രകൃയാം മാതാവ് കേണിടുന്നു.....

എന്നാണെനിക്കിനിയൊരു പുതുജന്മം

എന്നാണെനിക്കൊരു പുനർജന്മം

ആഫിയ ഫാത്തിമ

7B

# മഹത് വചനം

മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ.



കുമാരനാശാൻ


കുട്ടികളിലും മുതിർന്നവരിലുമുള്ള ശാരീരികവും മാനസികവും ആത്മീയവുമായ ഉത്തമാംശങ്ങളുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം.

ഗാന്ധിജി




എല്ലാവരും എന്നും വായിക്കേണ്ട രണ്ടു പുസ്തകമുണ്ട്. അവനവനൊന്ന്.ചുറ്റുമുള്ള പ്രകൃതി മറ്റേത്.

കുഞ്ഞുണ്ണിമാഷ്



അറിയുക എന്നത് അത്ര പ്രയാസമുള്ള കാര്യമല്ല. ഏതൊരു മണ്ടനും അറിയാൻ കഴിഞ്ഞേക്കും. എന്നാൽ അറിഞ്ഞ കാര്യം മനസ്സിലാക്കുന്നതാണ് പ്രധാനം.

ഐൻസ്റ്റൈൻ




ലോകം മാറ്റിമറിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം.



-നെൽസൻ മണ്ടേല

ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്.

-ശ്രീനാരായണ ഗുരു



നൗറീൻ

10A

# സ്കൂൾ പാർക്ക്







# **Thanks to All**

